# കേരള സ® ക്കാ®

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോ® ട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയി® : doktm.ksad@kerala.gov.in

ഫോ® : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ : കെ.എസ്.എ.കെ.ടി.എം.പി15/2592/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 24/01/2023
ഇ-മെയിൽ :
doktm.ksad@kerala.gov.in
ഫോൺ : 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

സർ ,

**വിഷയം : പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ).
2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ : കെ.എസ്.എ.കെ.ടി.എം.പി15/2592/2022

തീയതി: 24/01/2023

## കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 27-12-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 27-12-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

ശ്രീമതി സുധാ ജേക്കബ് , ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ് ,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മറിയാമ്മ എബ്രഹാം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത് സി | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ. ലിബി സി. മാത്യൂസ് | സെക്രട്ടറി | 08-05-2021 | 28-09-2021 |

| | | | |
|---|---|---|---|
| ശ്രീ. എം എസ് വിജയൻ | സെക്രട്ടറി | 29-09-2021 | 31-03-2022 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിനു മേരി ബഞ്ചമിൻ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി കവിത പി ആർ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീ.ജിനു വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മനോജ് കെ. എ. | സൂപ്രണ്ട് ,താലൂക്ക് ആശുപത്രി- പാമ്പാടി | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സോണി ചെറിയാൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിജി വിശ്വനാഥ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലെൻസി തോമസ് | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 01-04-2021 | 31-03-2022 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാടക - അപാകതകൾ | 1-11 |
| 12 | ഇ-ടെണ്ടർ ഫീസ് ലഭ്യമായിട്ടില്ല | 1-12 |
| 13 | കർഷകർക്ക് ആട്ടിൻകുട്ടി - തുക വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു | 1-13 |
| 14 | പൂരക പോഷകാഹാരപദ്ധതി- വിനിയോഗവിവരം പൂർണ്ണമല്ല- | 1-14 |
| 15 | ലൈബ്രറികളിൽ വയോജനകോർണർ- സ്റ്റോക്ക് വിവരം/കൈപ്പറ്റ് വിവരം പൂർണ്ണമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 16 | തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-16 |
| 17 | പ്രവർത്തനമില്ലാത്ത കാന്റീനിനായി ഉപകരണങ്ങൾ വാങ്ങൽ - ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | ഷീപാഡ് യൂണിറ്റ്- രേഖകൾ പൂർണ്ണമല്ല- | 1-18 |
| 19 | പിഎംഎവൈ - ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത് | 1-19 |
| 20 | കമ്മിറ്റി തീരുമാനങ്ങളിന്മേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമല്ല | 1-20 |

| | | |
|---|---|---|
| 21 | കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം | 1-21 |
| 22 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. | 1-22 |
| 23 | നായിപ്ലാവ് കുടിവെള്ളപദ്ധതി - പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല | 1-23 |
| 24 | വിവിധ കുടിവെള്ള /ജലസേചന പദ്ധതികൾ - തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കണം | 1-24 |
| 25 | വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയത് - വിനിയോഗവിവരം ലഭ്യമല്ല | 1-26 |
| 27 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20/ തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 30/03/2022 തീയതിയിലെ 1- തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേയ്മെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബജറ്റ്) | 2021-22 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 500000 | 6035573 |
| വരവ് | 231182500 | 63378171 |
| ആകെ | 231682500 | 69413744 |
| ചെലവ് | 222764950 | 61223025 |
| നീക്കിയിരിപ്പ് | 8917550 | 8190719 |

ബജറ്റ് പ്രകാരം 23.16 കോടി രൂപയുടെ പ്രതീക്ഷിത വരവും 22.27 കോടി രൂ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇ എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 5.10 കോടി രൂപയും ചെല കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെ പത്രിക പ്രകാരം വരുമാനം 51039731/- രൂപയും ചെലവ് 50873409/- രൂപയുമാണ്. റ പേയ്മെന്റ് പത്രിക പ്രകാരം മുന്നിരിപ്പ് 6035573/- രൂപയും വരവ് 63378171/- രൂപയും 61223025/- രൂപയും നീക്കിയിരിപ്പ് 8190719/- രൂപയുമാണ്. മേൽവിവരിച്ച പ്ര ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാ ഉള്ളതായി കാണുന്നു.

- 31/03/2022 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന വിശദീകരണവും ലഭ്യമല്ല.
- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2022-ൽ നിലനിൽക്കുന്നതും 2020-21 ഇടപാടുകളുമായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ ക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിയോഗത്തിന്റെ ആധികാരികത വ്യക
- പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ര വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജി

അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് നീക്കിയിരിപ്പ് വർഷ ഇടപാടുകൾ എന്ന ആധികാരികത വ്യക്തമല്ല.

- 26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതാ നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ച പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
- Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും നീക്കിയിരിപ്പിന്റെയും വിശദീകരിച്ചിട്ടില്ല. നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
- 125,643/- രൂപ 430100102-Purchase Of Mterial -Stores ശീർഷകത്തിലെ 31/ ലെ നീക്കിയിരിപ്പ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആധികാരികത വ്യക്തമാക്കിയിട്ടില്ല.
- ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2021 തീയ ബാലൻസ് ഷീറ്റ് ബി-18 ഡെപ്പോസിറ്റ് തുകകളുടെ ആധികാരികതയോ അ ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.
- മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് 8 രൂപയുടെ മുൻകൂർ ക്രമീകരിച്ചിരുന്നു. ഇതിൽ 847,720/- രൂപ മാത്രമാണ് മുൻകൂർ(460 ശീർഷകത്തിൽ ശരിയായി അക്കൗണ്ട് ചെയ്തത്. ബാക്കി 19,876/- രൂപ ശീർഷകങ്ങളിലാണ് തെറ്റായി അക്കൗണ്ട് ചെയ്തത്. ചെലവ് ശീർഷകങ്ങളിൽ വ അക്കൗണ്ട് ചെയ്തത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.
- എംജിഎൻആർഇജിഎസ് ഫണ്ടിന്റെ വിനിയോഗം വാർഷിക കണക ഉൾപ്പെടുത്തിയിട്ടില്ല. നിശ്ചിത ശീർഷകത്തിൽ (320100101) അക്കൗണ്ട് ച പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമായിരുന്നു.
- ആർഡി 31 ഷെഡ്യൂളിൽ 320700404-Contributions For Other Specific Purpo Block Panchayaths, 320700405-Contributions For Other Specific Purpo District Panchayaths എന്നിവയിലുള്ള തുകകൾ യഥാക്രമം 77648/- രൂപ, 3844 എന്നിവ ഐഎഫ്എംഎ എന്ന പേരിൽ ലഭ്യമായതിന്റെ വിശദാംശങ്ങളില്ല.

11. ബി 11-Fixed Assets എന്ന ഷെഡ്യൂളിൽ 411500101-Accumulated Deprec Vehicles എന്ന ശീർഷകത്തിലെ തുക 410710102-Movable Assets – Vehicle ശീർഷകത്തിലെ തുകയേക്കാൾ കൂടുതലാണ്.
12. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടർ, കോട്ടയ 12.05.2021 ലെ ഡി എം 1-6182/2020 നമ്പർ ഉത്തരവ് പ്രകാരം സി എഫ് എ പ്രവർത്തനങ്ങൾക്കായി ലഭിച്ച 500000/- രൂപ വാർഷിക ധനകാര്യ പത്ര പ്രതിഫലിച്ചിട്ടില്ല.
13. ജി ഒ (ആർ ടി) 2617/2022/ഫിൻ തീയതി 31.03.2022 പ്രകാരം മെയിന്റനൻസ് റോഡ്) ഇനത്തിൽ ലഭ്യമായ അലോട്ട്മെന്റ് തുകയായ 466324/- രൂപ വാർഷിക ധ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നടപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശ
ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർ

| | |
|---|---|
| മുന്നിരിപ്പ് | 6035573 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63378171 |
| ആകെ | 69413744 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61223025 |
| നീക്കിയിരിപ്പ് | 8190719 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9181884 |

## 1-4 ഫണ്ട് വിനിയോഗം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, ധ
കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേ
ന്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കു

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23786000 | 23786000 | 22924092 | 861908 | 96 |
| വികസന ഫണ്ട്-SCP | 0 | 8193000 | 8193000 | 7228699 | 964301 | 88 |
| വികസന ഫണ്ട്-TSP | 0 | 419800 | 419800 | 313000 | 106800 | 75 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 10383169 | 10383169 | 6686057 | 3697112 | 64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 7892427 | 7892427 | 5970082 | 1922345 | 76 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8578350 | 8578350 | 5433143 | 3145207 | 63 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 20000 | 0 | 20000 | 0 | 20000 | -- |
| TSC | 151246 | 5400 | 156646 | 14358 | 142288 | - |

ഗ്രാന്റ് പത്രികയിലെ തദ്ദേശസ്ഥാപനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് ക
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ കണക്കു

പെടുത്തപ്പെടുന്നില്ല.

.31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം മെയി ഗ്രാന്റ്-നോൺ റോഡിൽ 466324 രൂപ അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ പ്ര പഞ്ചായത്തിന് ലഭിച്ചിട്ടില്ല (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയാറാക്കിയിരിക്കുന്ന

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെ കൃത്യത വ്യക്തമാകുന്ന 2021 വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സ എന്നിങ്ങനെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റേയും അപ്രൊപ്രി കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. ഫണ്ട് വിനിയോഗ കണ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം- വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമ 10.03.2022ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം പുതുക്കി അം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗം | 20-01-21, 30-09-21, 11-10-21 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 06-02-21 |
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 06-02-21 |
| വികസനസെമിനാർ | 11-02-21 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 83323764/- രൂപയും ആകെ ചെലവ് 486 രൂപയുമാണ്. ചെലവ് 58.4%. 33 സ്പിൽഓവർ പ്രോജക്ടുകളും 75പുതിയ പ്രോജക്ടുകളും ഉ ആകെ 108 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 75 എണ്ണം ന നടപ്പാക്കി. അനിവാര്യ പ്രോജക്ടുകൾ ഏറ്റെടുത്ത 9 നിർവ്വഹണോദ്യോഗസ്ഥരിൽ ഓഫീസർ, സെക്രട്ടറി, വിഇഒ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർക്ക് താഴെയാണ് ചെലവ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ | 3 | 3 | 3033204 | 3032859 | 99.9 |
| സെക്രട്ടറി | 49 | 37 | 40474605 | 24788027 | 61.2 |
| എസ് സി ഡി ഒ | 3 | 3 | 4325000 | 4300000 | 99.4 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 4 | 4 | 3157960 | 3157340 | 99.9 |

| | | | | | |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 1000000 | 800000 | 80 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 7673000 | 4038700 | 52.6 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 420000 | 70000 | 16.7 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 0 | 4830000 | - | - |
| അസിസ്റ്റന്റ് എഞ്ചിനീയർ | 40 | 23 | 18409995 | 8469547 | 46 |
| ആകെ | 108 | 75 | 83323764 | 48656473 | 58.4 |

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ സത്യനാഥൻ-കാഞ്ഞിരക്കുറ്റം റോഡ് അകലക്കുന്നം ഗ്രാമപഞ്ചായത്ത് (നം.32/22) എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചാ വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക (960513) ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ട്

ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേക്ക് എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 861908 |
| 2 | വികസനഫണ്ട്, എസ്.സി.പി | 964301 |
| 3 | വികസനഫണ്ട്, ടി.എസ്.പി | 106800 |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 3145207 |
| | ആകെ | 5078216 |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച മുൻകൂർ ക്രമീകരിക്കാതെയാണ് MGNREGS ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ പത്രികയിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിയോഗം അക്കൗണ്ട് ചെയ്തിട്ടില്ല 22 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം തൊഴിലുറപ്പ് പദ്ധതി കൃത്യ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | **165259** |
| വരവ് | PFMS വരവ് | 465450 | **714143** |
| | മറ്റ് വരവുകൾ | 243743 | |
| | പലിശ | 4950 | |

| | | | |
|---|---|---|---|
| | ആകെ വരവ് | 714143 | |
| ആകെ(മുന്നിരിപ്പ് ഉൾപ്പെടെ) | | | 879402 |
| ചെലവ് | മുൻകൂർ തിരിച്ചടവ് | 748651 | 748651 |
| നീക്കിയിരിപ്പ് | | | 130751 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI) പള്ളിക്കത്തോട് ശാഖയിലെ 6713175236 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം നട അഡ്മിനിസ്ട്രേറ്റീവ് ചെലവുകളായ അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഡാറ്റാ ഓപ്പറേറ്ററുടെയും ശമ്പളം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ ഇനത നൽകുന്നത്. പ്രസ്തുത ഇനം മുൻകൂർ ലഭിച്ച തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. മു ലഭിച്ച തുകയുടെ മുന്നിരിപ്പ്, ടിവർഷം ലഭിച്ച തുക എന്നിവ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിലേക്ക് തിരിച്ചടക്കാനുള്ള തുക വർഷാവസാനം 31/03/2022-ൽ നിലനിൽ എത്രയാണ് എന്ന് വ്യക്തമല്ല. തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ സാമ്പത്തിക ഇടപാടു കണക്കുകൾ കൃത്യമായി സൂക്ഷിച്ചെങ്കിൽ മാത്രമേ മുൻകൂർ തിരിച്ചടവ് കൃത്യ സാധിക്കുകയുള്ളൂ. കൂടാതെ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചാ കണക്കുകളിലും അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വ ചെയ്യുന്നതിനാൽ താഴെപ്പറയുന്നതിന് മാത്രമേ ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുള്ളൂ

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 21.12.2022 തിയതിയിൽ 3.15 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിധ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം കളക്ഷൻ ലഭ്യമായിരുന്നില്ല ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. അവ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമല്ല. കാലഹരണപ്പെട്ട തനതുഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. തനതുഫണ്ടിൽ നിലനിൽക്കുന്ന പ്രത്യേക ഉദ്ദേശ്യ സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ച ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷ മെഷിനറികളുടെയും ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മാന്വൽ രസീതുകൾക്ക് ഉ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ കൃത്യമായി മാസം തിരിച്ച്

സൂക്ഷിച്ചുന്നത്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. മിക്ക വ ഗ്രൂപ്പുകളും അവർ കൂടിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അം ഗീകരിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണ റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽക വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃ മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു പ കാണുന്നില്ല. ഇക്കാര്യങ്ങൾ തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/11/2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/12/207 – 25/12/2017 | 2013-14 മുതൽ 2016-17 വരെ | LBA(WQ) II/8A/2727/324 തീയതി 29/01/2018 |

## 1-11 വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റേതായി വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള കെട്ട വാടകക്കാർ 2021-22 വർഷത്തെ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ലെന്ന് കാണുന്നു. പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ/ സ്ഥാപനം | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | XIII/7 BP | സരിത ആർ | 35464 |
| 2 | XIII/7 CP | സരിത ആർ | 31980 |
| | | | |
| 3 | XIII/7 EP | സരിത ആർ | 31932 |

വാടക കുടിശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ അന്വേഷണക്കുറിപ്പിന് (2/24.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പി സഹിതം ഈടാക്കേണ്ടതാണ്.

2. വാടക രജിസ്റ്ററിൽ ഓരോ കെട്ടിടത്തിന്റെയും മാസ വാടക എത്രയെന്നോ ഏ മാസങ്ങളിലെ വാടകയാണ് അടവാക്കാനുള്ളത് എന്നോ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെയും വർഷാദ്യത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ക രേഖപ്പെടുത്തിയിട്ടുള്ളത്. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

3. 2021-22 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 198365/- രൂപ പഴയ വർഷ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. മുൻകാല കുടിശ്ശിക നിലനിൽക്കുമ്പോഴും അതേ വ്യ തന്നെ മേൽ കെട്ടിടങ്ങളിൽ വാടകയ്ക്ക് ഇടുന്നു.

4. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഒന്നാം നിലയിലെ ഹാൾ 2021-22 വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥ മുറികൾ ലേലം നടത്തി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ഫീസ് ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം, പാമ്പാടി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർ ഉദ്യോഗസ്ഥനായി ഇ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ ഫീസ് അക്കൗണ്ടിലേയ്ക്ക് (A/C No. 37688044 പള്ളിക്കത്തോട്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. ടി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമാക്കുവാനും ഇടിന വില പഞ്ചായത്ത് തനത് ഫണ്ടിലും, ജി.എസ്.റ്റി അതിന്റെ ശീർഷകത്തിലും വരവുവയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 കർഷകർക്ക് ആട്ടിൻകുട്ടി - തുക വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 117/21-22, സുഭിക്ഷ കേരളം – കർഷകർക്ക് ആട്ടിൻകുട്ടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 3,03,000/- (വികസനഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | 3,03,000/- (വികസനഫണ്ട് – പൊതുവിഭാഗം) |
| ബിൽ നം., തീയതി | 7/21-22, 16.03.2022 – 150000/-<br>10/21-22, 23.03.2022 – 75000/-<br>BRN210807520332013911882, 21.03.2022 – 78000/- |

സുഭിക്ഷ കേരളം – കർഷകർക്ക് ആട്ടിൻകുട്ടി എന്ന പദ്ധതിക്കായി വിവിധ പഞ്ചായത്തു മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയിട്ടുണ്ട്. ബിൽ നം. 10/21-22, 23.03.2022 75000/- രൂപ മണർകാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും വി സാക്ഷ്യപത്രം ലഭ്യമായിരുന്നില്ല. ആയത് ലഭ്യമാക്കുന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (3/24.12.2022) ഗുണഭോക്താക്കളുടെ അഭാവം മൂലം മ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്നും ആയതിനാൽ തുക പഞ്ചായ കൈവശം വിനിയോഗിക്കാതെ അവശേഷിക്കുന്നു എന്നും മറുപടി നൽകി

വിനിയോഗിക്കാതെ അവശേഷിക്കുന്ന 75000/- രൂപ കണ്ണർകാട് ഗ്രാമപഞ്ചായത്തിൽ തിരികെ ഈടാക്കി വികസന ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-14 പൂരക പോഷകാഹാരപദ്ധതി- വിനിയോഗവിവരം പൂർണ്ണമല്ല-

പ്രൊജക്റ്റ് നം. 57/21-22

| അടങ്കൽ | ചെലവ്-തുക /ബിൽനം |
|---|---|
| വികസനഫണ്ട്-1300000 | 850000-BB No.3/2021-22/18-01-22<br>250000-BB No.4/2021-22/15-02-22<br>200000-BB No.6/2021-22/21-03-22 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-179371- | 179371- 233/28-03-22 |
| ആകെ- 1479371- | 1479371- |

സിഡിപിഒ നിർവ്വഹണോദ്യോഗസ്ഥയായി നട പൂരകപോഷകാഹാരപദ്ധതിയിൽപ്പെടുത്തി (നം.57/22) ആകെ 1479371/- രൂപ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. മീനടം, എലിക്കുളം, അകലക്കുന്നം, പള്ളിക്ക കൂരോപ്പട ഗ്രാമപഞ്ചായത്തുകൾക്കായാണ് വികസനഫണ്ട് ചെലവഴിച്ചത്. ധനകാര്യ ഗ്രാന്റിൽ 94610/- രൂപ അകലക്കുന്നം ഗ്രാമപഞ്ചായത്തിനും, 84761/- രൂപ ഗ്രാമപഞ്ചായത്തിനുമാണ് നൽകിയത്. വികസനഫണ്ടിൽ നിന്നും നൽകിയ മുഴുവൻ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകിയ 94610/- രൂ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും പാമ്പാടി ഗ്രാമപഞ്ചായത്തിൽ 84761/- രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ആയതിനാൽ ടി 84761/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ലൈബ്രറികളിൽ വയോജനകോർണർ- സ്റ്റോക്ക് വിവരം/കൈപ്പറ്റ് വിവരം പൂർണ്ണമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്-331060 | 330715- BB No.8/2021-22/30-03-22 |

സിഡിപിഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ലൈബ്ര വയോജനകോർണർ (നം. 156/22 ) പ്രൊജക്റ്റ് പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും ലൈബ്രറികൾക്ക് 12 മേശ, 105 കസേര, 4 അലമാര, 8 ടി വി, 2 കാരംസ് ബോർഡ് വാങ്ങി നൽകിയിട്ടുണ്ട്. ലൈബ്രറികളുടെ കൈപ്പറ്റ് വിവരവും വിതരണം സംബന്ധിച്ച രജിസ്റ്ററും ഉണ്ടെങ്കിലും കൈപ്പറ്റ് രസീതിലും, സ്റ്റോക്ക് രജിസ്റ്ററിലും ഉപകരണങ്ങളുടെ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ വിതരണവിവരം ലഭ്യമാക്കാനാ നൽകിയ അന്വേഷണക്കുറിപ്പിന് (നം.6) കൈപ്പറ്റ് രസീത് ഹാജരാക്കുന്നതാണെന്ന്

നൽകി. രേഖകൾ പൂർണ്ണമായി ലഭ്യമാകുന്നതുവരെ ടി പ്രോജക്ടിനായുള്ള 330715/- രൂ
ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അസി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ യുപിഎസ് പ്രവർത്തിപ്പിക്കുന്നതിനായി റ ചെയ്യുന്നതിന് 18473 രൂപ അനിൽ കുമാർ കെ എസി ന് നൽകിയതായി ചെക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നമ്പർ- 6012316/18.04.21). എന്നാൽ പ്ര ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവുകളുമായി ബ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2 രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. രേഖകൾ/വിശദാ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 18473 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പ്രവർത്തനമില്ലാത്ത കാന്റീനിനായി ഉപകരണങ്ങൾ വാങ്ങൽ - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 174/22 |
| പ്രോജക്ട് | ബ്ലോക്ക് ഓഫീസ് കാന്റീൻ ഉപകരണങ്ങൾ വാങ്ങൽ |
| **അടങ്കൽ** | **ചെലവ്** |
| വികസനഫണ്ട് - 140000/- | 138875- Bill No. 245/30-03-22 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ബ്ലോക്ക് ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി കാന്റീൻ പ്രവർത്തനത്ത സിതാര ഷോപ്പിംഗ് സെന്റർ, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ (ആകെ 89 ഇനങ്ങൾ) വാങ്ങിയിട്ടുണ്ട്. ഇൻവോയ്സിൽ ഇത്രയും സാ കൈപ്പറ്റി എന്ന് ഒരാൾ ഒപ്പിട്ടിരിക്കുന്നതല്ലാതെ ആരാണെന്ന് വ്യക്തമല്ല. ഇവ സ്റ്റോക്ക് ര ചേർത്തിട്ടുണ്ട്.





കാന്റീൻ പ്രവർത്തനക്ഷമമാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ്

അന്വേഷണകുറിപ്പിന് (നം.9/26.12.2022) കാന്റീൻ നടത്തിപ്പ് ചുമതല ലീലാമണി കുടുംബശ്രീ, എളിക്കുളം എന്നയാൾക്ക് 30/5/22-ൽ നൽകിയിരുന്നെങ്കിലും കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം പ്രവർത്തനം തുടരാനായില്ലെന്നും, മെയിന്റനൻസിനായി 22-23 വർഷം പ്രൊജക്ട് വച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയാക കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വാങ്ങിയ അടുക്കള ഉപകരണങ്ങൾ മറ്റൊരു കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായും, ഫ്രിഡ്ജ് ബ്ലോക്ക് ഓഫീസിൽ ഉപയോഗിക്കുന്നതായും, പഴയ കാന്റീൻ കെട്ടിടം ആൾത ഓടുകൾ പടർന്ന വിള്ളലുകൾ വീണും കെട്ടിടത്തിന് പുറം കാട് കയറിയും കെട്ടി ഉൾഭാഗം മാറാലപടലങ്ങൾ നിറഞ്ഞ് വൃത്തിഹീനമായും കിടക്കുന്നതായി ഓഡിറ്റ് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. കെട്ടിടം ഉപയോഗയോഗ്യമാക്കി പ്രവർത്തനക്ഷമമാക്കുന്നതുവരെ മേൽ പ്രൊജക്ടിനായുള്ള 138875/- രൂപയുടെ തടസ്സപ്പെടുത്തുന്നു.

## 1-18 ഷീപാഡ് യൂണിറ്റ്- രേഖകൾ പൂർണ്ണമല്ല-

| | |
|---|---|
| പ്രൊജക്ട് നം. | 131/22 |
| അടങ്കൽ | ചെലവ് |
| വികസനഫണ്ട്- 1160000 | 1150000-Bill No.226/27-03-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

